നമ്പർ ഡി5/7000/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി 06/07/2018

## സർക്കുലർ

വിഷയം-പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകൻ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2018-19 അദ്ധ്യയന വർഷത്തേയ്ക്കുള്ള സ്ഥലംമാറ്റം-ഹയർ ഓപ്ഷൻ അനുവദിക്കുന്നത്-സംബന്ധിച്ച്

സൂചന- 1) ഈ ഓഫീസിലെ 28.05.2018 ലെ ഇതേ നമ്പർ ഉത്തരവ്
2) ഈ ഓഫീസിലെ 17.02.2018 തീയതികളിലെ ഇതേ നമ്പർ സർക്കുലർ
3) ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ശ്രീ.ജോർജ്ജ്കുട്ടി.എസ്. ഫയൽ ചെയ്ത ഒ.എ.നമ്പർ 944/2018

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിലേക്കുള്ള 2018-19 വർഷത്തെ പൊതുസ്ഥലമാറ്റ ഉത്തരവ് സൂചന (1) പ്രകാരം പുറപ്പെടുവിച്ചിരിക്കുന്നു. 2018-2019 അദ്ധ്യയന വർഷത്തിൽ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചവരിൽ ഒന്നാം ഓപ്ഷൻ ലഭിച്ചവർ ഒഴികെ മറ്റുള്ളവർക്ക് ഹയർ ഓപ്ഷൻ അനുവദിക്കുന്നു. ഹയർ ഓപ്ഷൻ ലഭിക്കുന്നതിന് താൽപര്യമുള്ളവർ അവരുടെ യൂസർനെെം, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ***www.transferandpostings.in*** ൽ 'യെസ് ബട്ടൺ' അമർത്തേണ്ടതാണ്. നിലവിലുള്ള ഒഴിവുകൾ വെബ്സൈറ്റിൽ പരിശോധിക്കാവുന്നതാണ്. നിലവിൽ നൽകിയ ഓപ്ഷനുകളിൽ ഒരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല. 18.07.2018 തീയതി വൈകുന്നേരം 5 മണി വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലെ ഒഴിവുകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ 11.07.2018 തീയതിക്ക് മുൻപായി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. ഒഴിവുകൾ അപ്ലോഡ് ചെയ്യുമ്പോൾ കൃത്യത ഉറപ്പാക്കേണ്ടതാണ്.

താഴെപ്പറയുന്ന പ്രൊഫോർമയിൽ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്ന ഒഴിവുകൾ ഈ ഓഫീസിലേക്ക് മാനുവൽ ആയി ഇ-മെയിൽ ചെയ്യേണ്ടതാണ്.

| ക്രമ നം. | ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തിക | ഒഴിവ് നിലവിൽ വന്ന തീയതി | റിമാർക്സ് |
|---|---|---|---|
| | | | |

വേക്കൻസി യഥാവിധി അപ്ലോഡ് ചെയ്യാതെയും അപ്ലോഡ് ചെയ്തതിൽ അപാകത സംഭവിച്ചും, ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികകൾ ഒഴിഞ്ഞു കിടക്കുകയും, ക്രമപ്രകാരമല്ലാത്ത സ്ഥലംമാറ്റം നടക്കുകയും ചെയ്താലുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക്

(2...)

മാത്രമാണെന്ന് ഓർമ്മപ്പെടുത്തുന്നു. വേക്കൻസി അപ്‌ലോഡ് ചെയ്യുമ്പോൾ വേണ്ടത്ര പരിശോധന നടത്തേണ്ടതാണ്. ആയതിനാൽ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്ത വേക്കൻസികളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരിഗണനയിലുള്ള വിഷയമായതിനാൽ തലയോലപ്പറമ്പ്, എ.ജെ.എം.ജി.എച്ച്.എസ്.എസ്. ഹെഡ്മാസ്റ്റർ തസ്തികയിലെ ഒഴിവ് കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ, വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതില്ല.

E-mail Id: ***dpidsection@gmail.com***

ഫോൺ നമ്പർ: ***0471 2580512***

**ഒപ്പ്/-**
**കെ.വി മോഹൻകുമാർ ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
*(ടി സർക്കുലർ എല്ലാ ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിൽ ജോലി ചെയ്യുന്ന താങ്കളുടെ അധികാര പരിധിയിലുള്ള എല്ലാ അദ്ധ്യാപകർക്കും നൽകേണ്ടതാണ്.)*

എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര തിരുവനന്തപുരം
*(വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)*